# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5112

15.11.2019- ൽ മറുപടിയ്ക്ക്

**മുല്ലശ്ശേരിയിൽ സീഡ് സ്റ്റോർ പ്രവർത്തിച്ചിരുന്ന സ്ഥലവും കെട്ടിടവും**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മുരളി പെരുനെല്ലി | | ശ്രീ. വി. എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) | തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ 7-ാം വാർഡിൽ മുല്ലശ്ശേരി കൃഷിഭവന്റെ കീഴിൽ ഊരകത്ത് വർഷങ്ങൾക്ക മുമ്പ് സീഡ് സ്റ്റോർ പ്രവർത്തിച്ചുവന്നിരുന്ന സ്ഥലവും കെട്ടിടവും അനാഥമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | കൃഷി വകുപ്പിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിൽ 7 -ാം വാർഡിൽ ഊരകത്ത് സ്ഥിതിചെയ്യുന്ന വിത്തു സംഭരണ കേന്ദ്രം നിലവിൽ പ്രവർത്തനരഹിതമാണ്. കൃഷി വകുപ്പിന്റെ അധീനതയിലുള്ള പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ നമ്പർ 288/4 ഉം (അന്നകര വില്ലേജ്) വിസ്തീർണ്ണം ഏകദേശം 5 സെന്റുമാണ്. |
| (ബി) | പ്രസ്തുത സ്ഥലം കൃഷി വകുപ്പിന്റെ അധീനതയിലുള്ളതാണോ എന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ നമ്പരും വിസ്തീർണ്ണവും അറിയിക്കാമോ; | | |
| (സി) | പ്രസ്തുത സ്ഥലം വീണ്ടും പ്രയോജനപ്പെടുത്തുന്നതിന് കൃഷി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഈ സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതി ആവിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.